ഉത്തരം

(എ-സി) വിലങ്ങാട്, ചാത്തൻകോട്ടുനട, പെരുന്തേനരുവി, കക്കയം, ആഢ്യൻപാറ, ചിമ്മിനി എന്നീ ചെറുകിട ജലവൈദ്യുതപദ്ധതികളുടെ നിർമ്മാണ പുരോഗതി, ഉൽപ്പാദനശേഷി പൂർത്തീകരിക്കുവാൻ ലക്ഷ്യമിട്ടിട്ടുള്ള മാസം ഇവ ചുവടെ ചേർക്കുന്നു :

	പദ്ധതി	സമാപിതശേഷി (മെഗാവാട്ട്)	വാർഷിക ഉല്പാദന ശേഷി മെഗാവാട്ട്	നിർമ്മാണ പുരോഗതി (%)	പൂർത്തീകരിക്കാൻ ഉദ്ദേശിക്കുന്ന മാസം
1.	വിലങ്ങാട്	7.5	22.65	96.5%	പദ്ധതിയുടെ ട്രയൽ റൺ പുരോഗമിക്കുന്നു. ഈ മാസം ഉൽപ്പാദനം ആരംഭിക്കുവാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.
2.	ചാത്തൻകോട്ടുനട- II	6	14.76	20%	12/2015
3.	പെരുന്തേനരുവി	6	25.77	24%	6/2015
4.	കക്കയം	3	10.39	56%	12/2015
5.	ആഢ്യൻപാറ	3.5	9.01	36%	6/2015
6.	ചിമ്മിനി	2.5	6.7	55%	3/2015

വരാറുള്ളയിൽ ജലവൈദ്യുത പദ്ധതികളൊന്നും വിഭാവനം ചെയ്തിട്ടില്ല.

പെരായി 110 കെ.വി.സബ്സ്റ്റേഷനുവേണ്ടി ഇലക്ട്രിക്ലൈൻ വലിക്കുന്നത് സംബന്ധിച്ചുള്ള പരാതികൾ

27 (6478) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പെരായി 110 കെ. വി. സബ് സ്റ്റേഷനുവേണ്ടി ഇലക്ട്രിക് ലൈൻ വലിക്കുന്നത് സംബന്ധിച്ചുള്ള പരാതികളിൽ എറണാകുളം എ.ഡി.എം. അഡ്വക്കേറ്റ് കമ്മീഷനെ നിയോഗിച്ചിട്ടുണ്ടോ ; വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) കമ്മീഷൻ ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് തീയതി സഹിതം വ്യക്തമാക്കുമോ ;

(സി) കമ്മീഷൻ നടത്തുവാൻ നിശ്ചയിച്ചിട്ടുള്ള റൂട്ട് ഇൻസ്പെക്ഷൻ പൂർത്തിയാക്കിയിട്ടുണ്ടോ ; ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ ;

(ഡി) കേസ് അനിശ്ചിതമായി നീണ്ടുപോകുന്നതുമൂലം പദ്ധതിച്ചെലവ് വർദ്ധിക്കുന്നതിനുള്ള സാഹചര്യം കണക്കിലെടുത്ത് തുടർനടപടികൾ വേഗത്തിലാക്കുന്നതിന് സ്വീകരിക്കുവാനുദ്ദേശിക്കുന്ന നടപടിയെന്തെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) അഡ്വക്കേറ്റ് കമ്മീഷനെ 12-4-2013-ൽ നിയമിച്ചിട്ടുണ്ട്.

(ബി) 22-6-2013-ൽ അഡ്വക്കേറ്റ് കമ്മീഷൻ ഒറിജിനൽ റൂട്ട് മുഴുവനായിത്തന്നെ പരിശോധന നടത്തുകയുണ്ടായി. എന്നാൽ 27-6-2013-ൽ ബദൽ റൂട്ടിൽ നടത്താൻ നിശ്ചയിച്ചിരുന്ന ഇൻസ്പെക്ഷൻ എതിർകക്ഷികളുടെ എതിർപ്പിനെത്തുടർന്ന് പൂർത്തിയാക്കാൻ കമ്മീഷന് സാധിച്ചില്ല. തുടർന്ന് 18-7-2013-ൽ എ.ഡി.എം. മുൻപാകെയുള്ള കേസ്സുകളിൽ വിചാരണ നടത്തുകയും രണ്ട് റൂട്ടുകളിലുമുള്ള വൃക്ഷങ്ങളും കെട്ടിടങ്ങളും അടയാളപ്പെടുത്തി കമ്മീഷന് നൽകാൻ കെ.എസ്.ഇ.ബി.യോട് നിർദ്ദേശിക്കുകയും ചെയ്തു. 23-7-2013-ൽ രണ്ട് റൂട്ടുകളും പരിശോധിച്ച് റിപ്പോർട്ട് നൽകുവാനും ഉത്തരവായിട്ടുണ്ട്. 11-11-2013-ൽ രണ്ട് റൂട്ടുകളിലെയും സർവ്വേ വിവരങ്ങൾ കെ.എസ്.ഇ.ബി. കമ്മീഷന് നൽകുകയും ഇൻസ്പെക്ഷൻ ഉടൻ നടത്തണമെന്ന് ആവശ്യപ്പെടുകയും ചെയ്തു. തുടർന്ന് 14-12-2013, 17-12-2013, 19-6-2014 എന്നീ ദിവസങ്ങളിലായി ബദൽ റൂട്ടിന്റെ ബഹുഭൂരിഭാഗവും ഇൻസ്പെക്ഷൻ പൂർത്തിയാക്കി. ശേഷിക്കുന്ന ഭാഗത്തിന്റെ ഇൻസ്പെക്ഷൻ 6-7-2014, 11-7-2014 എന്നീ ദിവസങ്ങളിൽ നടത്തണമെന്ന് അറിയിച്ചിട്ടുണ്ട്.

(സി) റൂട്ട് ഇൻസ്പെക്ഷൻ ഭൂരിഭാഗവും പൂർത്തിയായിട്ടുണ്ട്. എതിർകക്ഷികളുടെ എതിർപ്പുമൂലമാണ് ഇൻസ്പെക്ഷൻ തടസ്സപ്പെടുന്നത്. 6-7-2014, 11-7-2014 എന്നീ ദിവസങ്ങളിൽ ശേഷിക്കുന്ന ഇൻസ്പെക്ഷൻ നടത്തണമെന്ന് അറിയിച്ചിട്ടുണ്ട്.

(ഡി) ഇൻസ്പെക്ഷൻ നീണ്ടുപോകുന്നതുമൂലമുള്ള ബുദ്ധിമുട്ടും സാമ്പത്തിക നഷ്ടവും കാണിച്ച് എ.ഡി.എം.ന് കത്ത് നൽകിയിട്ടുണ്ട്. എ.ഡി.എം. മുൻപാകെയുള്ള പരാതികളിൽ തീരുമാനമാകുന്ന മുറയ്ക്കുമാത്രമേ തുടർനടപടികൾ സ്വീകരിക്കാനാവുകയുള്ളൂ.

ചെറായി 110 കെ.വി.സബ്സ്റ്റേഷൻ

28 (6479) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചെറായി 110 കെ.വി. സബ്സ്റ്റേഷനുവേണ്ടി ഇലക്ട്രിക് ലൈൻ വലിക്കുന്നതു സംബന്ധിച്ച തർക്കത്തിൽ അഡ്വക്കേറ്റ് കമ്മീഷനും, കെഎസ്ഇ.ബി. ഉദ്യോഗസ്ഥരും കൂടി ജോയിന്റ് ഇൻസ്പെക്ഷൻ നടത്തുന്നതിനുള്ള തീയതി നിശ്ചയിച്ചിട്ടുണ്ടോ ; വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly